# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 02/10/ 2020

## ഗാന്ധി ജയന്തി ദിനത്തിൽ മദ്യ വിൽപ്പന നടത്തിയ ആൾ അറസ്റ്റിൽ



ഷിഹാബുദ്ദീൻ

കൊല്ലം : ഗാന്ധി ജയന്തി ദിനത്തിൽ മദ്യവിൽപ്പന നടത്തിയ ആൾ ഈസ്റ്റ് പോലീസിന്റെ പിടിയിലായി. ശക്തികുളങ്ങര നിന്നും കൊല്ലം ഈസ്റ്റ് ഡിപ്പോ പുരയിടത്തിൽ സി.ആർ.എ 189 ൽ താമസിക്കുന്ന ഷംസുദ്ദീൻ മകനാണ് (45) പിടിയിലായത്. കന്റോൺമെന്റ് എസ്സ്.എം.പി പാലസ് കോംമ്പൗണ്ടിലെ മുത്രപുരയിൽ വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന 16 കുപ്പി ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിനൊപ്പമാണ് ഇയാൾ പോലീസ് പിടിയിലായത്. കണ്ടെയിൻമെന്റ് സോണിൽ ഉൾപ്പെടുന്ന ഈ സ്ഥലത്ത് അമിത അളവിൽ മദ്യം സംഭരിച്ച് വച്ചത് ഡ്രൈഡേയിൽ വിൽപ്പന നടത്തുന്നതിന് വേണ്ടിയായിരുന്നു. കൊല്ലം സിറ്റി പോലീസ് കമ്മിഷണർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം എ.സി.പി എ പ്രദീപ്കുമാറിന്റെ നേതൃത്വത്തിൽ സബ്ബ് ഇൻസ്പെക്ടർ രാജേഷ്.പി, എ.എസ്സ്.ഐമാരായ, ജയിംസ്, നിസാം, എസ്സ്.സി.പി.ഓ സുനിൽ ഡാൻസാഫ് ടീം അംഗം ഹരി എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ റിമാന്റ് ചെയ്തു.